**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **10-06-2021 - ൽ മറുപടിയ്ക്ക്**

**റോഡുനിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കരമന-വെള്ളറട റോഡുനിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കരമന-വെള്ളറട റോഡ് വികസനം മൂന്ന് റീച്ച്കളായാണ് നടത്തുന്നത്. അവ താഴെ ചേർക്കുന്നു. റീച്ച് -1 കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ കരമന മുതൽ കുണ്ടമൺ കടവ് പാലം വരെയുള്ള റോഡ് വികസനത്തിനായി (റീച്ച്-1) തിരുവനന്തപുരം ജില്ലയിലെ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് വില്ലേജുകളിൽ നിന്നായി 1.1356 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി 28.11.2019 ലെ G.O (Rt) 3569/2019/RD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2013 എൽ.എ.ആർ.ആർ നിയമപ്രകാരമുള്ള 11(1) വിജ്ഞാപനം 23.12.2020 ലെ കെ6-18842/14 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും 30.12.2020 ലെ 3149 കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. റീച്ച് - 2- കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ റോഡ് വികസനത്തിനായി (റീച്ച്-2) തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, കുളത്തുമ്മൽ, വീരൻകാവ്, വിളവൂർക്കൽ, മാറനല്ലൂർ വില്ലേജുകളിൽ നിന്നായി 4.5670 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 28.09.2019 ലെ G.O (Rt)2723/2019/RD പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പൊന്നുംവില നടപടികളുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് എന്ന സ്ഥാപനത്തെ 30.12.2019 ലെ G.O (P)No. 98/2019/RD പ്രകാരം ചുമതലപ്പെടുത്തുകയും ആയതിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റീച്ച് - 3 ഞാറവിള മുതൽ വെള്ളറ |

| | | | |
|---|---|---|---|
| | | | വരെ ഞാറവിള മുതൽ വെള്ളറട വരെയുള്ള റോഡ് വികസനത്തിനായി (റീച്ച്-3) തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാരൂർ, വെള്ളറട വില്ലേജുകളിൽ നിന്നായി 4.549 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ എൽ. എ.ആർ.ആർ നിയമപ്രകാരമുള്ള 4(1) വിജ്ഞാപനം 03.05.2020 ലെ G.O (P)No. 35/2020/RD പ്രകാരം പുറപ്പെടുവിക്കുകയും 04.05.2020 ലെ 1116-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നുംവില നടപടികളുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള വോളൻണ്ടറി ഹെൽത്ത് സർവ്വീസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആയതിന്റെ തുടർ നടപടിക്രമങ്ങൾ വിശദമാക്കാമോ; റവന്യൂ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് എത്ര നാളുകൾ കൂടി വേണമെന്ന് വ്യക്തമാക്കാമോ? | (ബി) | റീച്ച് 1 -കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് 1 വർഷത്തിനുള്ളിൽ വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. (നിയമാനുസൃത കാലാവധിക്കുള്ളിൽ ലഭിക്കുന്ന 11(1) വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളിൽ പൊന്നുംവില ഓഫീസർ ആക്ഷേപകക്ഷികളെ നേരിൽ കേൾക്കേണ്ടതും സമുചിത സർക്കാർ അന്തിമ തീരുമാനം കൈകൊള്ളേണ്ടതുമാണ്. കൂടാതെ പുനരധിവാസ പുനസ്ഥാപന അന്തിമ പാക്കേജ് ലാന്റ് റവന്യൂ കമ്മീഷണർ അംഗീകരിക്കേണ്ടതും സർവ്വേ നടപടികൾ പൂർത്തിയാക്കി ജില്ലാ സർവ്വേ സൂപ്രണ്ട് സ്കെച്ച് അംഗീകരിക്കേണ്ടതുമാണ്). വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി 1 വർഷത്തിനുള്ളിൽ അവാർഡ് പാസാക്കേണ്ടതുണ്ട്. (പ്രസ്തുത കാലയളവിനുള്ളിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ അടിസ്ഥാന വില, ഭൂമിയിലെ ചമയങ്ങളുടെയും, കുഴിക്കൂറുകളുടെയും വില എന്നിവ കണക്കാക്കേണ്ടതുമുണ്ട്). റീച്ച് - 2- കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള പാലം വരെ റീച്ച് - 3 ഞാറവിള മുതൽ വെള്ളറട വരെ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ ഗ്രൂപ്പ് രൂപീകരിച്ച് 2 മാസത്തിനുള്ളിൽ ശിപാർശ നൽകേണ്ടതും സമുചിത സർക്കാർ വകുപ്പ് 8 പ്രകാരം ഏറ്റെടുക്കൽ സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. തുടർന്ന് 11(1) പ്രകാരമുള്ള വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. വകുപ്പ് 11(1)പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് 1 വർഷത്തിനുള്ളിൽ 19(1) പ്രകാരമുള്ള പ്രഖ്യാപനം സർക്കാർ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി 1 വർഷത്തിനുള്ളിൽ അവാർഡ് പാസാക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ